| 08–07–2023 | പ്രഭാതമുരളി | ഓം ശാന്തി | ബാപ്ദാദ | മധുബൻ |
|---|---|---|---|---|

**മധുരമായ കുട്ടികളേ, പ്രതിജ്ഞ ചെയ്യൂ– സത്യയുഗീ സ്വരാജ്യ സ്ഥാപന നടക്കാത്തതുവരെ നാം സുഖമായി ഉറങ്ങില്ല, സ്വയം പവിത്രമായിരുന്ന് മററുളളവരെയും പവിത്രമാക്കും.**

**ചോദ്യം:–** ഡ്രാമയനുസരിച്ച് എങ്ങനെയുള്ള മരണം സംഭവിക്കുക എന്നതും സംഗമയുഗത്തിലെ രീതിയാണ്?

**ഉത്തരം:–** വിജയമാലയിൽ വരുന്നതിനുള്ള പുരുഷാർത്ഥം ചെയ്യുന്ന നല്ല നല്ല കുട്ടികൾ പോലും ആശ്ചര്യത്തോടെ കേൾക്കുന്നു, പറയുന്നു, ഓടിപ്പോകുന്നു. ഓടിപ്പോകുന്നു അർത്ഥം മരിക്കുന്നു. ഇത്തരത്തിലുള്ള മരണവും സംഗമയുഗത്തിലെ രീതിയാണ്. ശ്രീമതനുസരിച്ച് നടന്നില്ല എങ്കിൽ മായ പരാജയപ്പെടുത്തും. ബാബയുടേതായിതീർന്ന് കൈ വിട്ടാൽ മരിച്ചു എന്നർത്ഥം. ഭാഗ്യത്തിനുമേൽ വര വീഴുന്നു.

**ഗീതം:–** വാതിൽക്കൽ വന്നിരിക്കുന്നു പ്രതിജ്ഞയെടുത്ത്.....

**ഓം ശാന്തി:** സമർപ്പണമായിട്ടുള്ള മധുരമധുരമായ ജീവിച്ചിരിക്കേ മരിക്കുന്ന, ജീവിച്ചിരിക്കേ സമർപ്പണമാകുന്ന കുട്ടികൾ ഈ പാട്ടു കേട്ടുവല്ലോ. എല്ലാവരുമൊന്നും സമർപ്പണമായിതീരുന്നില്ല. നമ്പറനുസരിച്ച് പുരുഷാർത്ഥമനുസരിച്ചാണ് സമർപ്പണമായിതീരുന്നത്. ദത്തെടുത്തുകഴിഞ്ഞാൽ ഒരു കുടുംബം വിട്ട് മറെറാരു കുടുംബത്തിലേതായി തീരുന്നു. നാം ആസുരീയ കുടുംബത്തിൽ നിന്നും വിട്ട് ഈശ്വരീയ കുടുംബത്തിലേതായിതീരുന്നു. ഈശ്വരൻ വന്ന് ദത്തെടുത്തിരിക്കുന്നു. അജ്ഞാനകാലത്ത് ആരും തന്നെ ഈശ്വരൻെറ ദത്ത് സ്വീകരിക്കില്ല. വല്ലഭാചാരി ശ്രീകൃഷ്ണൻെറ ക്ഷേത്രത്തിൽ കുട്ടിയെ ശ്രീകൃഷ്ണൻെറ മടിയിലിരുത്തുന്നതുപോലെ, ധാർമ്മികഗുരുവിൻെറ മടിത്തട്ടിലിരിക്കുന്നു. പക്ഷെ അത് ജഢചിത്രമാണ്, അതിനാൽ ബ്രാഹ്മണപൂജാരി വൈഷ്ണവനാക്കി തീർക്കുന്നതിനുവേണ്ടി ആ കുട്ടിയെ തന്റെ മടിയിലിരുത്തുന്നു. ഇപ്രകാരം മടിയിൽ വളരെ പേർ ഇരുത്തുന്നുണ്ട്. ഇവിടെ ജീവിച്ച് മരിച്ച് പോയവരുടെ മടിയിലിരുത്തുന്നത് എന്ന് കുട്ടികൾക്കറിയാം. ചിലർ ക്രിസ്തുവിൻെറ മടിയിലിരുത്തുന്നു. ചിലർ ഇബ്രാഹിമിൻെറ മടിയിലിരുത്തുന്നു. അവരെല്ലാം എപ്പോൾ വരുമെന്ന് കുട്ടികൾ മാത്രമെ അറിയുന്നുള്ളു. ഇപ്പോൾ നിങ്ങൾ ജീവിച്ചിരിക്കേ മരിച്ചിരിക്കുന്നു. നിങ്ങൾ ഒരേ ഒരു ബാബയുടെ ഓർമ്മയിലിരിക്കണം. ലൗകികപിതാവിൻെറ കുട്ടികൾ മടിയിലിരിക്കുന്നുണ്ട്, പിന്നെ അച്ഛൻ മരിച്ചുപോകുമ്പോൾ കുട്ടികൾ ഒറ്റക്കാകുന്നു. എന്നാൽ ഇവിടെ നിങ്ങൾ ഈ മൃത്യുലോകത്തിൽ നിന്നും അമരലോകത്തിലേക്ക് കൊണ്ടുപോകുന്ന, ദുർഗ്ഗതിയിൽ നിന്നും സത്ഗതിയിലേക്ക് കൊണ്ടുപോകുന്ന മനുഷ്യരുടെ സദ്ഗതിദാതാവായ ആ ഒരു പിതാവിൻെറ അടുത്താണ് വന്നിരിക്കുന്നത് എന്നറിയുന്നു. സദ്ഗതിദാതാവ് ഒന്നു മാത്രമാണ്. സദ്ഗതി ലഭിക്കുന്നത് നിങ്ങൾക്ക് മാത്രമല്ല. സദ്ഗതി എല്ലാവർക്കും ലഭിക്കും. എന്നാൽ ഡ്രാമയനുസരിച്ച് ചിലർക്ക് സതോപ്രധാന സത്ഗതി ലഭിക്കുന്നു. ചിലർക്ക് സതോ, ചിലർക്ക് രജോ, ചിലർക്ക് തമോ സത്ഗതി ലഭിക്കുന്നു. തമോ അവസ്ഥയിൽ ആയാലും ആദ്യമായി വരുന്ന ആത്മാക്കൾക്ക് ദുഖം അനുഭവിക്കേണ്ടിവരുന്നില്ല. ആദ്യം സുഖം അനുഭവിക്കണം. അവസാനം ഏവരും ദുഖം അനുഭവിക്കുന്നു.

ബാബ പറയുന്നു, സദ്ഗതിദാതാവും, പതിതപാവനനും ഞാൻ തന്നെയാണ്. ആദ്യമാദ്യം വരുന്ന ആത്മാക്കൾ ആദ്യം സുഖം അനുഭവിക്കുന്നു. പിന്നെ ദുഃഖത്തിൽ വരുന്നു. നിങ്ങളും നമ്പറനുസരിച്ചുള്ള പുരുഷാർത്ഥമനുസരിച്ച് ആദ്യം സതോ പ്രധാനവും പിന്നെ സതോ, രജോ, തമോ അവസ്ഥയിലും വരുന്നു. നിങ്ങളും നമ്പറനുസരിച്ച് സദ്ഗതി പ്രാപിക്കുന്നു. പ്രധാനമായും 8 മണികളെയാണ് കണക്കാക്കുന്നത്. ഇപ്പോൾ നിങ്ങൾ ദ്രൗപദിമാരാകുന്നു. ബാബയുടേതായി തീർന്നാൽ ബാബയെ ഒരിക്കലും ഉപേക്ഷിക്കരുത്. ശ്രീമതനുസരിച്ച് ബാബയെ ഓർക്കുന്നില്ല എങ്കിൽ മായ കൈ വിടുവിക്കും. ബാബയുടെ മടിത്തട്ടെടുത്തു, തുടക്കത്തിൽ നല്ലപോലെ നടന്നു. നല്ല നല്ല വളരെ മധുരമായ മധുരമായ കുട്ടികൾ, അവരെ വിജയമാലയിൽ മൂന്നൊ നാലൊ നമ്പറിൽ വെച്ചിരുന്നു. അവരും ഓടിപ്പോയി. ഇതും ഈ സംഗമയുഗത്തിലെ രീതിയാകുന്നു. ആശ്ചര്യത്തോടുകൂടി കേൾക്കുന്നു, പറഞ്ഞുകൊടുത്തു, മരിക്കുന്നു– ഇത് നടന്നുകൊണ്ടിരിക്കും. ഡ്രാമയനുസരിച്ച് ഇവരുടെ മരണം സംഭവിച്ചിരുന്നു എന്ന് പറയും. ബാബയുടേതായിതീർന്ന് പിന്നെ കൈ വിട്ട് പോയാൽ മരിച്ചു. ജീവിക്കുന്നത് ഈ ലോകത്തിൽ തന്നെ, പക്ഷെ ജീവിച്ചിരിക്കേ ഇവിടെ നിന്ന് ആസുരീയലോകത്തേക്ക് പോയി എന്നർത്ഥം. എന്തെങ്കിലും അതിന് കാരണമുണ്ടാകുമല്ലോ. ഡ്രാമ എന്നു പറയാം, പക്ഷെ ശ്രീമതനുസരിച്ച് നടക്കാത്തതുമൂലം മായ പരാജയപ്പെടുത്തിയതാണ്. ഭാഗ്യത്തിനുമേൽ

വര വീഴുന്നു. ഈശ്വരൻേറതായിതീർന്ന് പിന്നെ മായയോട് യുദ്ധം ചെയ്യുന്നു. ദേവതകളും അസുരന്മാരും തമ്മിൽ യുദ്ധം നടന്നിട്ടില്ല. മായയാകുന്ന അസുരനാണ് ജയിക്കുന്നത്.
ശരി, കുട്ടികൾ എഴുതി ചോദിക്കുന്നുണ്ട്– രാഖി ബന്ധനത്തിൻെറ ഉത്സവത്തിന്ന് എന്താണ് ചെയ്യേണ്ടത്? ഓരോ ഉത്സവത്തിന്നും നാം തയ്യാറെടുക്കുന്നുണ്ടല്ലോ. രക്ഷാബന്ധന ഉത്സവം പ്രമാണിച്ച് മുൻപെതന്നെ നാം പോയി രാഖി ബന്ധിക്കുന്നു. ഇതിൻെറ പൂർണ്ണമായ രഹസ്യവും ബുദ്ധിയിലുണ്ടായിരിക്കണം. മുൻപ് ബ്രാഹ്മണ ബ്രാഹ്മണികളാണ് രാഖി ബന്ധിച്ചിരുന്നത്. ഇപ്പോൾ സഹോദരി സഹോദരനെ രാഖി ബന്ധിക്കുന്ന സമ്പ്രദായം നിലവിൽ വന്നിരിക്കുന്നു. യഥാർത്ഥത്തിൽ ബ്രാഹ്മണരാണ് രാഖി ബന്ധിച്ചിരുന്നത്, എന്തുകൊണ്ടെന്നാൽ ബ്രാഹ്മണജാതി ഉയർന്നതും സ്വച്ഛവുമായിട്ടാണ് കരുതുന്നത്. സന്യാസിമാരേക്കാളും ഉയർന്നവരാണ് ബ്രാഹ്മണർ എന്നാണ് സിദ്ധാന്തം. എന്നാൽ ഡ്രാമയനുസരിച്ച് ഇപ്പോൾ സന്യാസിമാരാണ് ഉയർന്നവർ. മുൻപ് ബ്രാഹ്മണരാണ് രാഖി ബന്ധിച്ചിരുന്നത്. പിന്നെ ജന്മാഷ്ടമിക്ക് ആ രാഖി അഴിക്കുന്നു. മുടിക്കെട്ട് അഴിച്ചിട്ടു എന്ന് ദ്രൗപദിയെ സംബന്ധിച്ച് പറയുന്നുണ്ട്. ഋഷികളുടെ മുടി സദാ അഴിച്ചിടുന്നു. പതിവ്രതയായ സത്രീകൾ മുടി കെട്ടിവെക്കുന്നു. ഏതുവരെ തൻെറ രാജ്യം വീണ്ടെടുക്കുന്നില്ലയൊ അതുവരെ മുടി കെട്ടില്ല എന്ന് പറഞ്ഞ് ദ്രൗപദി മുടി അഴിച്ചിടുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾ മാത്രമെ ഇതിൻെറ അർത്ഥം അറിയുന്നുള്ളു. ഏതുവരെ നാം സ്വരാജ്യം നേടുന്നില്ലയോ അതുവരെ നാം ഉറങ്ങില്ല. ആരാം (വിശ്രമം) ഹറാം ആണെന്ന് പാടുന്നുവല്ലോ. ഏതുവരെ നാം സ്വരാജ്യം നേടുന്നില്ലയോ അതുവരെ സുഖം എവിടെ എന്ന ആവേശം ഉള്ളിൽ മുഴങ്ങുന്നുണ്ടല്ലോ. സുഖം ഭാവിയിൽ ലഭിക്കണം, അതിനുവേണ്ടിയുള്ള പുരുഷാർത്ഥം ഇപ്പോൾ ചെയ്യണം. ഇപ്പോൾ നമുക്കറിയാം, രക്ഷാബന്ധനം അഥവാ പവിത്രമായിരിക്കുന്നതിനുള്ള പ്രതിജ്ഞ നാം ചെയ്യുന്നു. രാഖി എന്നാൽ പ്രതിജ്ഞയുടെ കാര്യമാണ്. ഈ ഉത്സവം എപ്പോഴാണാരംഭിച്ചത് ? എന്തുകൊണ്ടാണാരംഭിച്ചത് ? ആരാണ് ഇതാരംഭിച്ചത്? രാഖി ബന്ധിക്കണം എന്ന ആശയം പറഞ്ഞതാരാണ് ? ആരെങ്കിലും ഒരഭിപ്രായം പറയുന്നു. പിന്നീട് അവരുടെ പേര് പ്രശസ്തമാകുന്നു. ഇത് പവിത്രതയുടെ അടയാളമാകുന്നു. സഹോദരി അർത്ഥം കുമാരി. കുമാരികൾ രാഖി ബന്ധിക്കുന്നു. നിങ്ങൾ പോയി ഗൃഹസ്ഥികളെയും രാഖി ബന്ധിക്കണം. കുമാരന്മാർ കുമാരന്മാർ തന്നെയാണ്. സഹോദരി സഹോദരനെ രാഖി ബന്ധിക്കുന്നു, കുമാരനായാലും വിവാഹിതനായാലും. വിവാഹം കഴിച്ച് പവിത്രമായിരിക്കുക എന്നത് വളരെ ബുദ്ധിമുട്ടാണ്. ഭഗവാൻ പറയുന്നു, ഈ അന്തിമജന്മം പവിത്രമായിരിക്കു, എന്നിട്ടും അനുസരിക്കുന്നില്ല. അതുകൊണ്ട് സഹോദരിമാരിലൂടെ കുമാരന്മാരായ സഹോദരന്മാർക്ക് രാഖി ബന്ധിക്കണം എന്നിട്ട് പ്രതിജ്ഞ ചെയ്യണം– ഞങ്ങൾ ഒരിക്കലും വിഷം കുടിക്കില്ല. വികാരിയായിരിക്കുന്നവർക്ക് ആ വികാരത്തെ വിടുവാൻ കഴിയില്ല. അവർക്ക് ഭഗവാൻെറ ഉത്തരവിനെ പാലിക്കുവാൻ കഴിയുകയില്ല. അതുകൊണ്ട് ഈ കുമാർ കുമാരിമാരുടെ ആചാരം നിലവിലിരിക്കുന്നു. ഈ ഉത്സവം സംഗമയുഗത്തിലേതാണെന്ന് കുട്ടികൾ അറിയാം. സത്യയുഗത്തിൽ എല്ലാവരും പവിത്രരാകുന്നു. രാഖി ബന്ധിക്കേണ്ട ആവശ്യം അവിടേയില്ല. സത്യയുഗം മുതൽ ഈ ആചാരം നിലവിലില്ല. ഉത്സവങ്ങളെല്ലാം തന്നെ സംഗമയുഗത്തിലേതാണ്. കൃഷ്ണജയന്തി ആഘോഷിക്കുന്നുണ്ട്. കൃഷ്ണനെ അങ്ങനെ ആക്കിതീർക്കുന്നത് ആരാണ്? പാവങ്ങൾ അറിയുന്നില്ല. ഇതും വ്യക്തമാക്കികൊടുക്കണം. ഉത്സവങ്ങളെല്ലാം തന്നെ ഈ സമയത്തേതാണ്. സത്യയുഗത്തിൽ അത്തരം കാര്യങ്ങളൊന്നുമില്ല. ബാക്കി ഈ ഉത്സവങ്ങളെല്ലാം ദ്വാപരയുഗത്തിൽ കുറച്ചു സമയം കഴിഞ്ഞ് വരുന്നതാണ്. ഇവിടെ ആഘോഷിക്കുന്നതുപോലെ ദീപാവലി ഉത്സവം സത്യയുഗത്തിൽ ആഘോഷിക്കുന്നില്ല. ഇവിടെ ആഘോഷിക്കുന്നതിൻെറ അർത്ഥം വേറേയാണ്. ശിവജയന്തിയുടെ മഹത്വം ഇപ്പോഴുള്ളതുപോലെ ഉത്സവങ്ങളുടെ മഹത്വം ഇപ്പോഴത്തേതാണ് ഇതും മനസ്സിലാക്കേണ്ട കാര്യമാണ്. ശിവജയന്തിക്കുശേഷം രാഖി ഉത്സവം വരുന്നു. ഭാരതത്തെ അഥവാ ലോകത്തെ പവിത്രമാക്കുന്നതിന്ന് ഈ അന്തിമജന്മത്തിൽ പവിത്രമായിരിക്കും എന്ന പ്രതിജ്ഞ ചെയ്യുന്നു. നിങ്ങൾ കുട്ടികൾക്ക് ഈ രക്ഷാബന്ധനം വളരെ മഹത്വമുള്ളതാണ്. ഈ സമയത്ത് ഞങ്ങൾ പവിത്രമായിരിക്കും എന്ന് പ്രതിജ്ഞ ചെയ്യുന്നു. ഇപ്പോൾ നിങ്ങൾ പവിത്രമായിരിക്കുന്നു. രാഖി ബന്ധിക്കുവാനുള്ള അവകാശം പവിത്രമായിരിക്കുന്ന നിങ്ങൾ കുമാരിമാർക്കുമാത്രമാണുള്ളത്. സഹോദരന്മാർ സദാ പവിത്രമായിരിക്കുന്നതിനുള്ള രാഖി ബന്ധിക്കപ്പെടുന്നു. പവിത്രമായിരിക്കുന്നതിന്ന് ഈ ഗൃഹസ്ഥരെകൊണ്ടും പ്രതിജ്ഞ ചെയ്യിപ്പിക്കണം. പതിപാവനാ വരൂ !എന്നു പാടുന്നുവല്ലോ. അതുകൊണ്ട് പതിതരിൽ നിന്ന് പാവനമായി തീരുന്നതിനുള്ള പ്രതിജ്ഞ ചെയ്യൂ. ബാബ വന്ന് ആ പ്രതിജ്ഞ ചെയ്യിപ്പിക്കുകയാണ്. ശിവജയന്തിക്കുശേഷം രക്ഷാബന്ധനം. ഹോളിയും ഈ ജ്ഞാനത്തിലുൾപ്പെട്ടതാണ്. ധുരിയയും ഹോളിയും. ഇവ രണ്ടും ഈ സമയത്തേതാണ്. ഹോളി അർത്ഥം പവിത്രമാകൂ എന്നാണ്. ധുരിയാ അർത്ഥം ജ്ഞാനം ധാരണ ചെയ്യൂ എന്നാണ്. അവർ പിന്നെ കല്ല്, മരം, ചാണകം തുടങ്ങിയവ ഉപയോഗിച്ച് എന്തെല്ലാമാണ് ചെയ്യുന്നത്. ഇതെല്ലാം പതിതപാവനനായ ബാബ വന്നിട്ട് കുട്ടികൾക്ക് മനസ്സിലാക്കിതരികയാണ്. ജീവിച്ചിക്കേ മരിക്കുന്ന കുട്ടികളിലും മാതൃപുത്രരും , അല്ലാത്തവരും ഉണ്ട്. മാതൃപുത്രരുടെ കണക്ക് ബാബയുടെ അടുത്ത് ഉണ്ട്.

അത്തരം കുട്ടികൾ ചെയ്യുന്ന ജോലി , അവരുടെ സമ്പത്ത് എല്ലാം ബാബ അറിയുന്നുണ്ട്. ആ കുട്ടികൾക്ക് ബാബയോട് പൂർണ്ണമായും സ്നേഹമുണ്ടായിരിക്കും. ഇവരിലും നമ്പറുണ്ട്. രണ്ടാമത്തെ കൂട്ടരിലും നമ്പറുണ്ട്. ചിലർ സത്പുത്രരും, ചിലർ കുപുത്രരും ആയിരിക്കും. ശിവജയന്തിയും സംഗമയുഗത്തിലാണ്. ലീപ് മാസം(അധിമാസം)എന്നു പറയുന്നതുപോലെ ലീപ് സെഞ്ചുറി നൂറു വർഷത്തിൻേറതാണ്. വളരെ ശ്രേഷ്ഠമാണ് ഈ ലീപ് സെഞ്ചുറി, ഇരുപതാം നൂററാണ്ട് എന്നു പറയാറുണ്ടല്ലോ. ബാബ വരുന്ന ഈ നൂററാണ്ടിനെ സംഗമ നൂറ്റാണ്ട് എന്നു വിളിക്കും. ആകെ തകിടം മറിയാൻ സമയം എടുക്കുന്നു. ദീപാവലിയും ഇവിടെ തന്നെയാണ്. ശിവജയന്തിക്കുശേഷം വീണ്ടും പവിത്രതയുടെ കാര്യം വരുന്നു. തുടക്കം മുതൽ തന്നെ പവിത്രതയുടെ കാര്യത്തിൽ ബഹളം നടക്കുന്നു. പവിത്രതയോടൊപ്പം തന്നെ ജ്ഞാനത്തിൻേറയും യോഗത്തിൻേറയും ഹോളി. അതോടൊപ്പം തന്നെ ധുരിയയുമുണ്ട്. ബാബയുടെ ഓർമ്മയും നല്ല രീതിയിൽ വേണം. ജ്ഞാനത്തിൻെറ ധുരിയയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നു. ജ്ഞാനമഴയും നിങ്ങളിൽ തന്നേയാണുള്ളത്. പവിത്രതക്കു മേലാണ് ഈ ബഹളങ്ങളെല്ലാം നടക്കുന്നത്. വീട്ടിൽ, ഗൃഹസ്ഥവ്യവഹാരത്തിലിരുന്ന് പവിത്രമായി കാണിക്കൂ എന്നു പറയുന്നത് ആരാണ് എന്ന് ഏവരും ചോദിക്കുന്നു. സന്യാസിമാർ സ്വയം തന്നെ വീടു വിട്ടു പോകുന്നു. ഗോപീചന്ദ് രാജാവിൻെറ കഥയുണ്ട്. നിങ്ങൾ രാജഭാഗ്യം എന്തിനാണ് ഉപേക്ഷിച്ചത് എന്നദ്ദേഹത്തോട് ചോദിച്ചു. പ്രഭുമിലനത്തിനുവേണ്ടിയാണ് ഉപേക്ഷിച്ചത് എന്നു പറഞ്ഞു. ഇതേക്കുറിച്ച് നല്ല നല്ല പാട്ടുകൾ പാടുന്നുണ്ട്. ഇവിടെ വീട്ടിൽ തന്നെ ഇരുന്ന് പവിത്രമായിതീരണം. പവിത്രമായിരിക്കേണ്ട കാര്യത്തിലാണ് എല്ലാ പ്രശ്നങ്ങളും വരുന്നത്.

പവിത്രമായിരിക്കേണ്ട ഓർമ്മയുടെ ഉത്സവമാണ് രക്ഷാബന്ധനം. നോക്കൂ ചെറിയ ചെറിയ കുട്ടികൾക്കുപോലും ഇവിടെ സാക്ഷാത്ക്കാരം ഉണ്ടാകുന്നു. ചെറിയ കുട്ടികൾ എന്തു ഭക്തിയാണ് ചെയ്തത്. ബാബ ഏവർക്കും വേഗത്തിൽ സാക്ഷാത്ക്കാരം കൊടുത്തു. എന്തോ ഇന്ദ്രജാലമാണെന്നാണ് ഏവരും മനസ്സിലാക്കിയത്. ഇതിനേയാണ് ശിവബാബയുടെ ചരിത്രം എന്നു പറയുന്നത്. ഇരുന്നിരുന്ന് സ്വയം അപ്രത്യക്ഷമായിതീരുന്നു-ഇതും ഡ്രാമയെന്നേ പറയൂ. അവർ പരസ്പരം നോക്കിയിരിക്കേ ധ്യാനത്തിൽ പോകുന്നു. ഈ ചരിത്രമെല്ലാം പരമപിതാ പരമാത്മാവിൻേറതാണ്, കൃഷ്ണൻേറതല്ല. കൃഷ്ണൻെറ പേരിലാണ് എല്ലാ ചീത്തപ്പേരും ഉണ്ടാക്കിയത്. ഭാഗവതത്തിൽ എന്തെല്ലാമാണ് എഴുതിവെച്ചിരിക്കുന്നത്. ശ്രീകൃഷ്ണൻ സത്യയുഗത്തിലെ രാജകുമാരനായിരുന്നു. എന്നിട്ട് വസ്ത്രം അപഹരിച്ചു ...അത് ചെയ്തു എന്നും മററും പാടുന്നു. ജനങ്ങൾ വിചാരിക്കുന്നത് കൃഷ്ണനാണ് ഇതെല്ലാം ചെയ്തത് എന്നാണ്. പിന്നെ പറയുന്നു കൃഷ്ണൻെറ ശരീരത്തിൽ ആത്മാവു വന്നിട്ടാണ് ജ്ഞാനം തന്നത് എന്ന്. എന്നാൽ അങ്ങിനെയൊന്നും ഉണ്ടാകില്ല. കൃഷ്ണൻ രാജകുമാരനാണ് വളരെ പ്രസിദ്ധനാണ്. പിന്നെ രഥം കാണിക്കുന്നു. രഥത്തിൽ കൃഷ്ണനെ കാണിക്കുന്നു. എന്താ കുതിരവണ്ടിയിലിരുന്ന് പാഠശാല നടത്തിയിരുന്നോ? ഇത് രാജയോഗത്തിൻെറ പാഠശാലയാണ്. അവർ ചിത്രീകരിച്ചിരിക്കുന്ന യുദ്ധമൈതാനമെവിടെ, നിങ്ങളുടെ ഈ യുദ്ധമെവിടെ. ഇത് മായയിൽ വിജയം വരിക്കുന്നതിനുള്ള യുദ്ധമാണ്. അതുകൊണ്ട് നിങ്ങൾ രക്ഷാബന്ധനത്തേകുറിച്ച് മനസ്സിലാക്കികൊടുക്കണം. രക്ഷാബന്ധനം അർത്ഥം പതിതരെ പവിത്രമാക്കി തീർക്കുന്നതിനു വേണ്ടി സ്വയം പരമപിതാ പരമാത്മാവ് വന്നിരിക്കുന്നു. ബ്രഹ്മാകുമാരികളെന്ന് നിങ്ങളെക്കുറിച്ച് പറയപ്പെട്ടിരിക്കുന്നു. 21 കുലത്തെ ഉദ്ധരിക്കുന്നവൾ കുമാരി. സംഗമയുഗത്തിലെ കാര്യമാണിത്. പിന്നീട് ഈ ഉത്സവം സത്യയുഗത്തിലുണ്ടാകില്ല. രാഖി ഉത്സവത്തിനുശേഷം കൃഷ്ണജയന്തി. സത്യയുഗത്തിലെ ആദ്യ നമ്പർ ജന്മം ശ്രീകൃഷ്ണൻേറതാണ്. സാമ്രാജ്യവും കൃഷ്ണൻേറതാണ്. ശ്രീകൃഷ്ണൻെറ കുലത്തിൽ പോകുന്നതിനുവേണ്ടി ഈ സമയത്ത് പ്രതിജ്ഞ ചെയ്യുന്നു. ഇത് രാജയോഗമാണ്. നരനിൽ നിന്നും നാരായണനായിതീരുന്നു. ലക്ഷ്മീനാരായണൻെറ ജീവചരിത്രമില്ല. രാധാകൃഷ്ണൻെറ ജീവചരിത്രം തന്നെയാണ് ലക്ഷ്മീനാരായണൻെറ ജീവചരിത്രം എന്ന് ബാബ മനസ്സിലാക്കിതരുന്നു. കൃഷ്ണൻെറ ജന്മദിനം ആഘോഷിക്കുന്നു. ശരി, നാരായണജയന്തി എന്നാണ്? അതിന് കാരണമുണ്ടാകുമല്ലോ? രാമനെ കൃഷ്ണനു മുകളിലായി ത്രേതായുഗത്തിൽ കാണിച്ചിരിക്കുന്നു. രാമൻ 14 കല കൃഷ്ണൻ 16 കല. മുഴുവൻ കളിയും തെററായിധരിക്കപ്പെട്ടിരിക്കുന്നു. മഹത്വം മുഴുവൻ ഇവിടുത്തേയാണ്. ദീപാവലി സത്യയുഗത്തിലാണ് ആരംഭിക്കുന്നത് എന്ന് കരുതരുത്. സത്യയുഗം പവിത്ര ലോകമാണ്. ഏവരുടേയും ആത്മാക്കൾ അവിടെ ഉണർന്നിരിക്കുന്നു. ഉത്സവങ്ങളെല്ലാം ഈ സമയത്തേയാണ്. ഇപ്പോൾ നിങ്ങൾ ഏവരുടേയും ജീവചരിത്രം അറിയുന്നുവല്ലോ. ഇപ്പോൾ പവിത്രമായിതീരൂ എന്ന് ശിവബാബ സ്വയം വന്ന് കുട്ടികളോട് പറയുന്നു. ആത്മാക്കളാകുന്ന നിങ്ങളിൽ അഴുക്ക് പിടിച്ചിരിക്കുന്നു. ആത്മാവ് നിർലേപമാണെന്ന് സന്യാസി പറയുന്നു. അതുകൊണ്ട് മുട്ട, മത്സ്യം തുടങ്ങിയവ കഴിക്കുന്നതിൽ അപാകതയൊന്നുമില്ലെന്ന് വളരെ പേർ പറയുന്നുണ്ട്. ഓരോരുത്തർക്കും അവരവരുടേതായ ആചാര-രീതികളുണ്ടല്ലോ. മുൻകാലങ്ങളിൽ മനുഷ്യരെ കാളിക്ക് ബലി കൊടുത്തിരുന്നു. ശിവനേയൊ ,ശങ്കരനേയൊ കറുത്തവൻ എന്നു വിളിക്കില്ല. ബ്രഹ്മാവിൻെറയും വിഷ്ണുവിന്റെയും രൂപങ്ങൾ വെളുത്തതിൽ നിന്നും കറുത്തതായിതീരുന്നു. ഇതെല്ലാം

ബാബയിരുന്ന് മനസ്സിലാക്കിതരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുരമധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണക്കുള്ള മുഖ്യ സാരം:-

1) ബാബയോട് പൂർണ്ണമായും സ്നേഹം വെച്ച് ഒന്നാനമ്മയുടെ പുത്രരായിതീരണം. തന്റെ മുഴുവൻ കാര്യങ്ങളും ബാബയെ കേൾപ്പിക്കണം. ഒരിക്കലും കുപുത്രരായിതീരരുത്.

2) രക്ഷാബന്ധന്റെ മുഴുവൻ രഹസ്യങ്ങളും ബുദ്ധിയിൽ വെച്ച് പവിത്രരായിതീരണം. മായയോട് ഒരിക്കലും പരാജയപ്പെടരുത്. പവിത്രതയുടെ ശക്തികൊണ്ട് സ്വരാജ്യം നേടുന്നതിനുള്ള പ്രതിജ്ഞ ചെയ്യണം.

## വരദാനം:- സദാ മിലനത്തിന്റെ ഊഞ്ഞാലിൽ ഊഞ്ഞാലാടുന്ന തത്ത്വമസിയുടെ വരദാനി ബാബയ്ക്ക് സമാനമായി ഭവിക്കൂ

ഏതുപോലെയാണോ ബാപ്ദാദ താങ്കൾ അധികാരികളുടെ ആജ്ഞയെ അംഗീകരിച്ച് മിലനമാഘോഷിക്കുന്നതിനായി വരുന്നത്, ജി ഹാജർ പാഠം പഠിച്ച് ഹാജരാകുന്നത് അതുപോലെ തന്നെയായിരിക്കണം നിങ്ങളും. അമൃതവേള മുതൽ ദിനാന്ത്യം വരെ ധർമ്മത്തിലും കർമ്മത്തിലും ബാബയ്ക്ക് സമാനമാകൂ എങ്കിൽ സദാ മിലനത്തിന്റെ ഊഞ്ഞാലിൽ ഊഞ്ഞാലാടിക്കൊണ്ടിരിക്കും. ഈ മിലനത്തിന്റെ ഊഞ്ഞാലിൽ കഴിയുന്നതിലിലൂടെ പ്രകൃതിയും മായയും രണ്ട് പേരും തന്നെ താങ്കളുടെ ഊഞ്ഞാലിനെ ആട്ടുന്ന ദാസിയായി തീരും. സർവ്വ ഖജനാക്കളും താങ്കളുടെ ഈ ഊഞ്ഞാലിന്റെ അലങ്കാരമായി തീരും.

## സ്ലോഗൻ:- സദാ ബ്രഹ്മാ ബാബയുടെ കൈകൾക്കുള്ളിൽ ചേർന്നിരിക്കുകയാണെങ്കിൽ സുരക്ഷയുടെ അനുഭവം ചെയ്യും.